# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 5913** **30.07.2015- ൽ മറുപടിക്ക്**

## ടെക്സ്റ്റയിൽ ടെക്നോളജി കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) വ്യവസായ വകുപ്പിന്റെ കീഴിൽ ടെക്സ്റ്റയിൽ ടെക്നോളജി കോളേജ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) (ബി) (സി) & (ഡി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റൈൽസിന്റെ കീഴിൽ ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സ് നടത്തുന്ന ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ 17.07.2014 ന് വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം, സംസ്ഥാനത്തിന് ഗുണകരമെന്ന് തോന്നുന്ന ഏതെല്ലാം സാങ്കേതിക കോഴ്സുകൾ കോട്ടയം ടെക്സ്റ്റൈൽസിന്റെ അധീനതയിലുള്ള അധിക ഭൂമിയിൽ നടത്താൻ കഴിയുമെന്നു സംബന്ധിച്ച് സാധ്യതാ പഠനം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റിന് നിർദ്ദേശം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) ടെക്സ്റ്റയിൽ കോർപറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റയിൽസിന്റെ കീഴിൽ, തേനിപ്പള്ളിയിൽ ഒരു ടെക്സ്റ്റയിൽ ടെക്നോളജി കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം മുന്നോട്ടുവന്നുവെങ്കിലും വ്യവസായ വകുപ്പ് പ്രസ്തുത പ്രൊപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | |
| (സി) ടെക്സ്റ്റയിൽ ടെക്നോളജി സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് നിന്നും വിദ്യാർത്ഥികൾ അന്യ സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (ഡി) പ്രസ്തുത ആവശ്യം സംബന്ധിച്ച് വകുപ്പ് അനുകൂല നിലപാട് സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ